പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3404 | 19.06.2019-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. ഡ്രൈവർമാരുടെ ട്രാഫിക് നിയമ ലംഘനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അൻവർ സാദത്ത് | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യിലെ ഒരു വിഭാഗം ഡ്രൈവർമാർ ട്രാഫിക് നിയമങ്ങൾ കൃത്യമായി പാലിക്കുന്നില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കെ.എസ്.ആർ.ടി.സി. ബസ്സുകൾ ബസ് സ്റ്റോപ്പുകളിൽ നിർത്തുമ്പോൾ റോഡിൽ മറ്റ് വാഹനങ്ങൾക്ക് തടസ്സമുണ്ടാകാതെ ഒതുക്കി നിർത്തുവാൻ നിർദ്ദേശം നൽകുമോ; | (ബി) | ഇതു സംബന്ധിച്ച നിർദ്ദേശം കെ.എസ്.ആർ.ടി.സി.യിലെ ഡ്രൈവർമാർക്ക് നൽകിയിട്ടുണ്ട്. |
| (സി) | ട്രാഫിക് നിയമങ്ങൾ കൃത്യമായി പാലിക്കുന്നതിന് കെ.എസ്.ആർ.ടി.സി. ഡ്രൈവർമാർക്ക് പ്രത്യേക പരിശീലനം നൽകുന്ന കാര്യം പരിഗണിക്കുമോ എന്നറിയിക്കാമോ? | (സി) | സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ അപകട നിരക്ക് കുറയ്ക്കുന്നതിനായി പ്രധാനമായും ഡ്രൈവർമാർക്ക് സ്റ്റാഫ് ട്രെയിനിംഗ് സെന്റർ മുഖാന്തിരം ജോലിയിൽ പ്രവേശിക്കുന്നതിന് മുമ്പായി അപകടരഹിത ഡ്രൈവിംഗ് സംബന്ധിയായി പരിശീലനം നൽകിയാണ് സർവ്വീസിന് നിയോഗിക്കുന്നത്. കൂടാതെ നിശ്ചിത ഇടവേളകളിൽ തുടർ പരിശീലനവും നൽകി വരുന്നു. സർവ്വീസ് നടത്തുമ്പോൾ ഡ്രൈവർമാരുടെ പ്രവർത്തനം വിലയിരുത്തി അപാകതകൾ കണ്ടെത്തുന്നവർക്ക് തിരുത്തൽ പരിശീലനവും നൽകുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**